ACTION TODAY

DIRECTORATE OF MEDICAL EDUCATION KERALA
21774
07 JUL 2017

കേരള സർക്കാർ

No.127/ബി -1/17/ആകുവ

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി:03.07.2017.

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- ആകുവ - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 449/2017, ഒ.എ 493/2017 എന്നീ നം.കേസിലെ ഉത്തരവ് - സംബന്ധിച്ച്.

സൂചന:- 1) 20.02.2017 തീയതിയിലെ സ.ഉ(സാധാ) നം.454/2017/ആകുവ
2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17.03.2017 തീയതിയിലെ ഒ.എ 449/2017 നം.കേസിലെ ഉത്തരവ് .
3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.03.2017 തീയതിയിലെ ഒ.എ 493/2017 നം.കേസിലെ ഉത്തരവ് .

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 2 ലെ ഉത്തരവിൻ പ്രകാരം 17.07.2017 തീയതിയിൽ 3.00 PM ന് ആരോഗ്യവകുപ്പ് ജോയിന്റ് സെക്രട്ടറി നടത്തുന്ന ഹിയറിങ്ങിന് (6-ാം നില, അനക്സ് 2, ഗവ.സെക്രട്ടേറിയറ്റ്) താങ്കളുടെ കാര്യാലയത്തിലെ ഈ വിഷയവുമായി ബന്ധപ്പെട്ട മുതിർന്ന ഉദ്യോഗസ്ഥനെ നിയോഗിക്കുവാൻ താൽപ്പര്യപ്പെടുന്നു. കൂടാതെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നോട്ടീസ് താങ്കളുടെ കാര്യാലയത്തിന് കീഴിൽ വരുന്ന ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലേയും പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതും താങ്കളുടെയും ബന്ധപ്പെട്ട പ്രിൻസിപ്പൽമാരുടെയും ഔദ്യോഗിക വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ
ജനാർദ്ദനൻ. കെ
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ആഫീസർ

നോട്ടീസ്

ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലെ ഫാർമക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രഫസർ ആയ ഡോ.ലല്ലി ഫയൽ ചെയ്തിരുന്ന 1076/2016 നം. ഒ.എ യിൻമേലുള്ള 18.05.2016 ലെ കോടതി ഉത്തരവിനെ തുടർന്ന് സർക്കാർ 20.02.2017 ൽ സ.ഉ(സാധാ)നം. 454/2009/ആകുവ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ആയതിലെ എതിർ കക്ഷി ആയ ഡോ.റീമ യേയും മറ്റ് Affected Party കൾ ഉണ്ടെങ്കിൽ

അവരെയും കേൾക്കാതെയാണ് തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് ചൂണ്ടിക്കാട്ടി ആയത് 17.03.17 തീയതിയിലെ ഒ.എ 449/2017 നം.കേസിലെ വിധിപ്രകാരം ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ റദ്ദ് ചെയ്യുകയുണ്ടായി. ശ്രീമതി ലല്ലി ഫയൽ ചെയത 1076/2016 നം. ഒ.എ യിലെ വാദങ്ങളിലും അതിൻമേലുള്ള കോടതി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും ആക്ഷേപങ്ങൾ ഉള്ള പക്ഷം ആയത് 17.07.2017 ന് ഉച്ചയ്ക്ക് 3.00 മണിക്ക് അനക്സ് 2 ലെ 6-ാം നിലയിലെ ആരോഗ്യവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ചേംബറിൽ നടക്കുന്ന ഹിയറിങിൽ ബോധിപ്പിക്കാവുന്നതാണ്. ഡോ.ലല്ലി ഫയൽ ചെയ്തിട്ടുള്ള ഒ.എ യുടെ പകർപ്പ്, വിധി ന്യായം എന്നിവ അതാത് പ്രിൻസിപ്പൽമാരുടെ ആഫീസിൽ ലഭ്യമാണ്.